# 'സ്വയം ദൈവമാകാൻ ശ്രമിക്കാതിരിക്കുക'

## സഭാപ്രസംഗി 10:15

"പട്ടണത്തിലേക്ക് പോകുന്ന വഴി അറിയാത്ത മൂഢന്മാർ തങ്ങളുടെ പ്രയത്നത്താൽ ക്ഷീണിച്ചു പോകുന്നു."

മനുഷ്യന് തന്റെ സ്വന്ത ശക്തിയിലും ബുദ്ധിയിലും ആശ്രയിച്ച് ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങൾക്കും പരിമിതിയുണ്ട്. എന്നാൽ ഇത് അംഗീകരിക്കാൻ തയ്യാറാകാത്ത മനുഷ്യൻ സ്വയം ദൈവമാകാനും എല്ലാത്തിന്റെ മേലും സർവാധിപത്യം പുലർത്താനും ആഗ്രഹിച്ചു കൊണ്ട് വൃഥാ അദ്ധ്വാനിക്കുന്നു എന്ന് ജ്ഞാനിയായ ശലോമോൻ പറയുന്നു. ഞാനില്ലെങ്കിൽ എന്റെ കുടുംബമില്ല, സമൂഹമില്ല, എന്തിന് ലോകം തന്നെ ഇല്ലാതായിപോകും എന്ന മനോഭാവത്തോടെയാണ് ഇന്ന് പലരുടെയും ജീവിതവും പ്രവർത്തനവും. എന്നാൽ താൻ ചെയ്യുന്ന കാര്യങ്ങൾ ദൈവഹിതത്തിനു ചേർന്നതാണോ എന്ന് ആരും ചിന്തിക്കുന്നില്ല. ദൈവത്തിനു പ്രസാദകരമായി തീരും എന്ന് കരുതി എടുത്താൽ പൊങ്ങാത്ത ചുമട് ചുമക്കുന്നവരുണ്ട്. എന്നാൽ ഇത് ദൈവം നമ്മിൽ നിന്ന് ആഗ്രഹിക്കുന്നില്ലയെങ്കിൽ നമ്മുടെ പ്രവൃത്തി നിഷ്ഫലമാണ് എന്ന് വചനം നമ്മെ ഓർമ്മിപ്പിക്കുന്നു. ഇത് വഴിയറിയാതെ, ലക്ഷ്യം കാണാൻ യാത്ര ചെയ്യുന്നവരെ പോലെയാണ് എന്ന് വചനം പറയുന്നു. അവരെ മൂഢന്മാർ എന്നു വിളിക്കുന്നു. നമ്മൾ ഒരിക്കലും ഒരു അനിവാര്യതയല്ല. നാം ഇല്ലെങ്കിലും ദൈവം തന്റെ ഉദ്ദേശത്തിനായി മറ്റൊരാളെ ഉപയോഗിക്കും. എന്നാൽ ഞാനില്ലെങ്കിൽ ഈ ദൈവം എന്തു ചെയ്യുമായിരുന്നു എന്ന ഭാവമാണ് ഇന്ന് പലപ്പോഴും വിശ്വാസികൾക്ക് ഉണ്ടാവുന്നത്.

എന്നാൽ ദൈവത്തിൽ ആശ്രയിച്ച് ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു. അത് മറ്റുള്ളവരെ പ്രീതിപ്പെടുത്താനോ അവരുടെ കൈയ്യടി നേടാനോ വേണ്ടി അല്ല, മറിച്ച് ദൈവം നാം നമ്മിലൂടെ മഹത്വപ്പെടാൻ വേണ്ടി മാത്രമാവണം. അവന്റെ സന്നിധിയിൽ ഒരു കഴുതയായി താണിരിക്കുമ്പോൾ അവൻ നമ്മെ ഉപയോഗിക്കും. നാം അവന്റെ കരവേലയാണെന്നും അവന്റെ ശക്തി അവൻ ദാനമായി മൺപാത്രങ്ങളിൽ എന്ന പോലെ നമുക്ക് നൽകിയിരിക്കുന്നു. നാം അതിനെ ശ്രദ്ധയോടെ ഉപയോഗിക്കണം, ഇല്ലെങ്കിൽ അത് താഴെ വീണു ഉടഞ്ഞു പോകും. അതു കൊണ്ട് ഒരിക്കലും സ്വന്ത അദ്ധ്വാനം കൊണ്ട് വൃഥാ ക്ഷീണിക്കുന്നവരായി മാറാതെ ദൈവത്തോട് ചേർന്ന് പ്രവൃത്തിച്ച് ലക്ഷ്യം നേടുവാൻ ശ്രമിക്കാം. അവനെ കൂടാതെ നമുക്കൊന്നും ചെയ്യുവാൻ സാധ്യമല്ല. അഥവാ ചെയ്താൽ തന്നെയും അത് വൃഥാവായി തീരുന്നു.

അത്കൊണ്ട് ലക്ഷ്യം കാണാത്ത ഒരു മൂഢനാകാതെ ദൈവത്തോട് ചേർന്ന് നിന്ന് വിജയം വരിച്ച ഒരു ദൈവപൈതലായി തീരാൻ കൃപ തരണേ എന്ന് പ്രാർത്ഥിക്കാം. യഹോവയിൽ ആശ്രയിച്ച് നന്മ ചെയ്യാനും ദേശത്തു പാർത്ത് വിശ്വസ്തത ആചരിക്കാനും കൃപ തരേണമേ എന്ന് പ്രാർത്ഥിക്കാം.

പരാമർശം :

സദൃശ്യവാക്യങ്ങൾ 3:5–6

“പൂർണ്ണഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക, സ്വന്ത വിവേകത്തിൽ ഊന്നരുത്. നിന്റെ എല്ലാ വഴികളിലും അവനെ നിനച്ചു കൊൾക. അവൻ നിന്റെ പാതകളെ നേരെയാക്കും.”

സിസ്റ്റർ. നിനു ബിനു ബേബി ആലപ്പുഴ 052